കുറച്ചുവെള്ളം ഉപയോഗിച്ച് ഫലപ്രദമായി കൂടുതൽ തീയണയ്ക്കാൻ പര്യാപ്തമായ വാട്ടർമിസ്റ്റ് സിസ്റ്റം എന്ന പുതിയ സാങ്കേതികവിദ്യയനുസരിച്ചുള്ള യന്ത്രങ്ങളും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കർണ്ണാടകയിൽ പരീക്ഷിച്ച് ഫലപ്രദമാണെന്ന് തെളിഞ്ഞ വാട്ടർ മിസ്റ്റ് സിസ്റ്റം ഉപയോഗിച്ചുള്ള മോട്ടോർ സൈക്കിൾ യൂണിറ്റുകളും കേരളത്തിൽ തുടങ്ങുവാൻ പദ്ധതിയുണ്ട്. വെള്ളത്തിനടിയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനും തിരച്ചിൽ നടത്തുന്നതിനും പര്യാപ്തമായ അണ്ടർ വാട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ് സെറ്റുകൾ കൂടുതൽ വാങ്ങി നൽകാൻ നടപടിയെടുത്തിട്ടുണ്ട്. ആധുനിക സൗകര്യങ്ങളെക്കുറിച്ച് നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും കേരളാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെയും വിദഗ്ദ്ധ ഉപദേശങ്ങൾ ആരായാറുണ്ട്.

(സി) ആധുനിക രക്ഷാ ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും കുറവ്, സേനാംഗങ്ങൾക്ക് വെള്ളത്തിലും, പെട്രോൾ/വാതക തീപിടിത്തങ്ങൾ ഉണ്ടാകുമ്പോഴും രക്ഷാ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിനുള്ള വൈദഗ്ദ്ധ്യത്തിന്റെ അഭാവം എന്നിവ കണ്ടെത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന പദ്ധതി വിഹിതം 9.30 കോടി രൂപ. കേന്ദ്ര പദ്ധതി വിഹിതം 22.5 കോടി രൂപ. കൂടാതെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ടി തുക സേനയെ സുശക്തമാക്കുവാൻ വലിയ ഒരളവുവരെ പര്യാപ്തമാണ്.

(ഇ) കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ഈ വർഷവും വരും വർഷങ്ങളിലും കൂടുതൽ അഗ്നിശമനരക്ഷാ സേവന ഉപകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അഗ്നിശമന രക്ഷാസേവന വകുപ്പിനെ കൂടുതൽ സജ്ജമാക്കാൻ സാധിക്കും.

കെ.ടി.ഡി.സി.യുടെ കീഴിലുള്ള യാത്രിനിവാസുകളുടെയും മോട്ടൽ ആരാമുകളുടേയും പ്രവർത്തനം

6 (*486) ശ്രീ. എം. എം. മോനായി :
ശ്രീ. വി. ശശികുമാർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. യുടെ കീഴിലുള്ള യാത്രി നിവാസുകളുടെയും മോട്ടൽ ആരാമുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ യാത്രിനിവാസുകളിലും മോട്ടലുകളിലും ഏകീകൃത അടിസ്ഥാന സൗകര്യങ്ങളും ഭക്ഷണ ക്രമവും വാടക നിരക്കും ഏർപ്പെടുത്തി ബ്രാൻഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഇപ്പോൾ എത്ര യാത്രിനിവാസുകളും മോട്ടലുകളുമാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഇ) എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും യാത്രിനിവാസുകളും മോട്ടലുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കെ.ടി.ഡി.സി.യുടെ നിയന്ത്രണത്തിലുള്ള യാത്രിനിവാസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ആകർഷകവുമാക്കുന്നതിന്റെ ഭാഗമായി ഇവ നവീകരിച്ച് കെ.ടി.ഡി.സി. ടാമറിന്റ് ഈസി ഹോട്ടൽ എന്ന ബ്രാൻഡിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

കെ.ടി.ഡി.സി മോട്ടലുകളെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടാമറിന്റ് ഹോട്ടലുകളിൽ മുറിവാടകയിലും സൗകര്യങ്ങളിലും ഭക്ഷണക്രമത്തിലും ഏകീകൃത സ്വഭാവമാണുള്ളത്.

(സി) കെ.ടി.ഡി.സി.യുടെ നിയന്ത്രണത്തിൽ നിലവിൽ 14 ടാമറിന്റുകളും 13 മോട്ടലുകളുമാണുള്ളത്. ഇവയിൽ 12 ടാമറിന്റ് ഹോട്ടലുകളിലേയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് രണ്ട് ടാമറിന്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കെ.ടി.ഡി.സി.മോട്ടലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഏകീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ യൂണിഫോം ഏകീകരിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ഡി) നിലവിൽ കെ.ടി.ഡി.സി.ക്ക് 14 ടാമറിന്റ് ഹോട്ടലുകളും 13 മോട്ടലുകളുമാണ് ഉള്ളത്. കൂടാതെ ടൂറിസം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ യാത്രിനിവാസുകൾ പ്രവർത്തിക്കുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly